**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2150** **06-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ വൃക്ക മാറ്റിവെക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവെക്കൽ വൈകിയതിന് പിന്നാലെ രോഗി മരിച്ച സംഭവത്തിൽ നടത്തിയ അന്വേഷണവും സ്വീകരിച്ച നടപടിയും വിശദമാക്കുമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നെഫ്രോളജി, യൂറോളജി വിഭാഗങ്ങളിലെ വകുപ്പ് തലവൻമാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തു. ശസ്ത്രക്രിയയും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022ലെ സ.ഉ (സാധാ) നം.1484/2022/ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തിന്റെ റിപ്പോർട്ടോ, പ്രാഥമിക റിപ്പോർട്ടോ കിട്ടിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | വൃക്ക അടങ്ങിയ പെട്ടി മെഡിക്കൽ കോളേജിൽ ആംബുലൻസിൽ എത്തിച്ചപ്പോൾ പുറത്ത് നിന്നുള്ളവർ അത് എടുത്തുകൊണ്ട് ഓടി എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൃക്ക മാറ്റി വെക്കൽ നടപടിയുടെ പ്രോട്ടോകോൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവം സംബന്ധിച്ച അന്വേഷണം നടക്കുന്നുണ്ട്. സംസ്ഥാനത്തു അവയവദാനവും അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994-ൽ നിലവിൽ വന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്റ്റും 2014-ൽ നിലവിൽവന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആന്റ് ടിഷ്യൂസ് റൂൾസിന്റെയും അന്തസത്തയെ ഉൾക്കൊണ്ടുകൊണ്ടാണ്. ടി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാർ സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിജ്ഞാപനം വഴി പുറപ്പെടുവിച്ചിട്ടുണ്ട്. (No.14931/S2/2009/H&FWD dated 19.11.2010)<br><br>മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നും ഉള്ള അവയവങ്ങളുടെ വിന്യാസം |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിക്കൊണ്ട് 2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ) നം.37/2012/ ആ.കു.വ തീയതി 04.02.2012)<br><br>കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട രാജ്യത്തു തന്നെ ആദ്യമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പുറപ്പെടുവിച്ചത് (സ.ഉ(കൈ) നം.07/2020/ആ.കു.വ തീയതി 19.01.2020) കേരള സർക്കാർ ആണ്. തുടർന്ന് പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നും ഉള്ള അവയവങ്ങളുടെ വിന്യാസം ഉൾപ്പെടുത്തിക്കൊണ്ട് 2012 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (02.02.2021 ലെ സ.ഉ (എം.എസ്) നം.37/2022/ആ.കു.വ) |
| (ഡി) | പ്രസ്തുത സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022ലെ സ.ഉ (സാധാ) നം.1484/2022/ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. വിശദമായ അന്വേഷണം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ